പൂഞ്ഞാർ–പ്രാതാമ്പുഴ–ക്ലട്ടിക്കൽ റോഡുപണി

41. [38] ശ്രീ. കെ. ടി. തോമസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പൂഞ്ഞാർ–പ്രാതാമ്പുഴ–ക്ലട്ടിക്കൽ റോഡു വെട്ടുന്നതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ;

(സി) പ്രസ്തുത റോഡിന്റെ പണി ഇക്കൊല്ലംതന്നെ തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാരംഭസർവ്വേ നടത്തിക്കൊണ്ടിരിക്കുന്നു.

(സി) അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ച് പണി ആരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്.

പൂഞ്ഞാർ–ഇടമല–എന്തയാർ റോഡ്

42. [39] ശ്രീ. കെ. ടി. തോമസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പൂഞ്ഞാർ–ഇടമല–എന്തയാർ റോഡ് വെട്ടുന്നതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ;

(സി) പ്രസ്തുത റോഡിന്റെ പണി ഇക്കൊല്ലം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാരംഭസർവ്വേ നടത്തിക്കൊണ്ടിരിക്കുന്നു.

(സി) അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ച് പണി ആരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്.

**Construction of a bridge.**

43. [40] SHRI M. M. MATHAI : Will the Minister for Public Works be pleased to state :

(*a*) has the Department taken the estimate of the bridge to be constructed across Valiathodu in Poovana-kadavu-Chelakkompu road;

(*b*) whether the design of the bridge has been approved; and

(*c*) when will the Department be able to start the work of the bridge ?

LIBRARY ARCHIVES Kerala Legislative Assembly